**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7243** **03.11.2011- ൽ മറുപടിയ്ക്ക്**

**കാർഷിക സെൻസസ്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. സി. മമ്മൂട്ടി | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഏറ്റവും ഒടുവിൽ നടന്ന കാർഷിക സെൻസസിൽ ശേഖരിച്ച വിവരങ്ങൾ (8-ാമത് സെൻസസ്) പ്രകാരം, നമ്മുടെ കാർഷിക മേഖലയ്ക്ക് അഞ്ചു വർഷക്കാലം കൊണ്ടുണ്ടായ വ്യതിയാനം എത്രത്തോളമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) **ഉണ്ട്.** |
| (ബി) ഈ സർവ്വെ പ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗപ്പെടുത്താറുള്ളത്; | (ബി) **കാർഷിക സെൻസസ് സർവ്വേയിൽ ശേഖരിക്കുന്ന വിവരങ്ങൾ.**<br>1. **പുത്തൻ കാർഷിക** നയരൂപീകരണത്തിനും, **വിലയിരുത്തലിനും** വേണ്ട അടിസ്ഥാന **വിവരങ്ങളായി ഉപയോഗപ്പെടുത്തുന്നു.**<br>2. **ഭൂമിയിൽ** കാർഷിക സർവ്വേ **നടത്തുന്നതിനാവശ്യമായ** ചട്ടക്കൂട് **ഉണ്ടാക്കുവാൻ ഉപയോഗപ്പെടുത്തുന്നു.**<br>3. **കാർഷിക** സ്ഥിതി വിവര കണക്ക് **ശേഖരണത്തിന്** ഒരു സംയോജിത പരിപാടി **വികസിപ്പിക്കുന്നതിനാവശ്യമായ** അടിത്തറ **പാകുവാൻ ഉപയോഗി ക്കുന്നു.** |

......2

| | | |
|---|---|---|
| (സി) | സർവ്വെയിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൃഷിരീതിയിലോ, ഭൂവിനിയോഗ ക്രമത്തിലോ മാറ്റങ്ങളെന്തെങ്കിലും വരുത്തിയിട്ടുണ്ടോ; | (സി) & (ഡി) **കാർഷിക സെൻസസിൽ** നിന്നും ലഭ്യമാകുന്ന **കണക്കുകൾ** കൃഷി വകുപ്പിന്റെ **നയരൂപീകരണത്തിനും** വില വർദ്ധനവിനും **ഉൽപ്പന്ന സംരക്ഷണത്തിനും** മറ്റും **പ്രയോജനപ്പെടുന്ന** പദ്ധതികൾ **രൂപീകരിക്കുന്നതിന്** സഹായിക്കുന്നതാണ്. |
| (ഡി) | കാർഷിക വില വർദ്ധനയ്ക്കും ഉൽപ്പന്ന സംരക്ഷണ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സെൻസസ് ഡാറ്റ ഏതുവിധത്തിൽ ഉപയോഗപ്പെടുത്തുന്നു എന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ